# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 4055

20.03.2018 - ൽ
മറുപടിയ്ക്ക്

### ഫാമുകൾ നടത്തുന്നതിന് നൽകുന്ന ധനസഹായപദ്ധതികൾ

| ചോദ്യം<br>ശ്രീ.അൻവർ സാദത്ത് | മറുപടി<br>ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) കൃഷിവകുപ്പ് മുഖേന വിവിധ ഫാമുകൾ നടത്തുന്നതിന് നൽകുന്ന ധനസഹായ പദ്ധതികൾ വിശദമാക്കാമോ; | എ) ഗുണമേൻമയുള്ള നടീൽ വസ്തുക്കളുടെ ലഭ്യത വർദ്ധിപ്പിക്കുന്നതിനും അവയുടെ ഉത്പാദനം കർഷകരുടെ പങ്കാളിത്തത്തോടെ ത്വരിതപ്പെടുത്തുന്നതിനുമായി പച്ചക്കറി തൈകൾ, സുഗന്ധവിള തൈകൾ, തെങ്ങിൻ തൈകൾ എന്നിവ ഉത്പാദിപ്പിക്കുന്നതിനുള്ള വികേന്ദ്രീകൃത നഴ്സറികൾ (ഫാമുകൾ) സ്ഥാപിക്കുന്നതിന് കർഷകർക്ക് ധനസഹായം നൽകുന്നു.<br>പച്ചക്കറി വികസന പദ്ധതി പ്രകാരം 40 ചതുരശ്ര മീറ്റർ മുതൽ 400 ചതുരശ്ര മീറ്റർ വരെ വിസ്തൃതിയുള്ള ആധുനിക സജ്ജീകരണങ്ങളോടുകൂടിയ നഴ്സറികൾ പഞ്ചായത്ത് / മുനിസിപ്പാലിറ്റി / ബ്ലോക്ക് തലത്തിൽ സ്ഥാപിക്കുന്നതിന് ഒരു ചതുരശ്ര മീറ്ററിന് 1400 രൂപ നിരക്കിൽ ധനസഹായം നൽകുന്നു. ഇതിനു പുറമെ ബ്ലോക്കു തലത്തിൽ നഴ്സറികൾ സ്ഥാപിക്കുന്നതിന് 7 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നു.<br>സുഗന്ധവിള വികസനം, വയനാട് പാക്കേജ് എന്നീ പദ്ധതികൾ പ്രകാരം പ്രതിവർഷം 50000 വേരുപിടിപ്പിച്ച കുരുമുളക് വള്ളികൾ ഉത്പാദിപ്പിക്കുന്ന ചെറുകിട നഴ്സറികൾ സ്ഥാപിക്കുന്നതിന് 30000 രൂപ നിരക്കിൽ ധന സഹായം നൽകുന്നു.<br>നാളികേര വികസന പദ്ധതി പ്രകാരം 25 സെന്റ് സ്ഥലത്ത് 6250 തെങ്ങിൻ തൈകൾ ഉത്പാദിപ്പിക്കുന്ന വികേന്ദ്രീത നഴ്സറികൾ സ്ഥാപിക്കുന്നതിന് 50000 രൂപ ധനസഹായം നൽകുന്നു. കൂടാതെ കൃഷി വകുപ്പിന്റെ കീഴിൽ വിവിധ ഫാം മോഡലുകൾ നടപ്പിലാക്കുന്നതിന് കാർഷിക വിജ്ഞാനവ്യാപന പദ്ധതി പ്രകാരം ആനുകൂല്യം നൽകുന്നു. വിവിധ വിളകളും മറ്റ് അനുബന്ധ മേഖലകളായ മൃഗസംരക്ഷണം, കോഴി വളർത്തൽ, മത്സ്യകൃഷി, തേനീച്ച വളർത്തൽ തുടങ്ങിയവ ഉൾപ്പെടുത്തി സംയോജിത കൃഷി മോഡലുകൾ ആരംഭിക്കുന്നത് ഭൂവിസ്തൃതിക്കനുസരിച്ച് 10 സെന്റിന് 10000 രൂപ പ്രകാരം പരമാവധി 50000 രൂപ ധനസഹായം നൽകുന്നുണ്ട്. കൂടാതെ മോഡൽ പഞ്ചായത്തുകളിൽ നൂതന സാങ്കേതിക വിദ്യയുടെ പ്രചരണത്തിനായി മോഡൽ ഫാം നടപ്പിലാക്കുന്നതിന് 40000 രൂപ ധനസഹായം നൽകുന്നുണ്ട്. |
| ബി) ഇത്തരം പദ്ധതികൾ അനുവദിക്കുന്നത് ഏത് മാനദണ്ഡ പ്രകാരമാണ്? | ബി) 1) ചെറുകിട നാമമാത്ര കർഷകരായിരിക്കണം.<br>2) നൂതന കാർഷിക സാങ്കേതിക വിദ്യകൾ പ്രാവർത്തികമാക്കുന്നതിനുള്ള താല്പര്യവും ഭൂവിസ്തൃതിയും ഉണ്ടായിരിക്കണം.<br>3) നഴ്സറികൾ സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥല സൗകര്യങ്ങൾ ഉണ്ടായിരിക്കണം.<br>4) പച്ചക്കറി നഴ്സറികൾ സ്ഥാപിക്കുന്നതിന് പച്ചക്കറി ക്ലസ്റ്ററുകൾക്കും ക്ലസ്റ്റർ അംഗങ്ങൾക്കും മുൻഗണന നൽകുന്നതാണ്.<br>5) കുരുമുളക് നഴ്സറികൾ സ്ഥാപിക്കുന്നതിന് സ്വയം സഹായ സംഘങ്ങൾ, വനിത ഗ്രൂപ്പുകൾ, തൊഴിൽ രഹിത യുവജനങ്ങൾ എന്നവർക്ക് മുൻഗണന നൽകുന്നതാണ്.<br>6) തെങ്ങിൻ തൈ നഴ്സറികൾ സ്ഥാപിക്കുന്നതിന് കേര ക്ലസ്റ്ററുകൾക്കും, വ്യക്തിഗത കർഷകർക്കും പരിഗണന നൽകുന്നതാണ്.<br>7) നഴ്സറികൾ ഉത്പാദിപ്പിക്കുന്ന നടീൽ വസ്തുക്കൾ സർക്കാർ അംഗീകൃത നിരക്കിൽ വിവിധ കൃഷി വകുപ്പ് പദ്ധതികൾക്കും പൊതു ജനങ്ങൾക്കും വിതരണം ചെയ്യുവാൻ തയ്യാറായിരിക്കണം. |

സെക്ഷൻ ഓഫീസർ